**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1521** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>മഞ്ചേരിയിൽ പുതിയ എഞ്ചിനീയറിംഗ് കോളേജ്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എം. റഹ്മത്തുള്ള

ശ്രീ. റോജി എം. ജോൺ
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**(എ)** മഞ്ചേരി മണ്ഡലത്തിൽ ഒരു സർക്കാർ എഞ്ചിനീയറിംഗ് കോളേജ് സ്ഥാപിക്കുന്നതിനായി സംസ്ഥാന ബജറ്റിൽ ടോക്കൺ പ്രൊവിഷൻ ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ തുടർ നടപടികൾ വേഗത്തിലാക്കുമോ;

**<u>മറുപടി:</u>** AICTE അനുമതിക്കായി അപേക്ഷിക്കാൻ, കോളേജിന്റെ പേരിൽ ഭൂമി രജിസ്റ്റർ ചെയ്യേണ്ടതും അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ അനുവദിക്കേണ്ടതുമാണ്. അടിസ്ഥാന സൗകര്യ വികസനത്തിനും, സ്ഥാപനം തുടങ്ങുന്നതിലേക്കുള്ള ചെലവുകൾക്കും ഏകദേശം 100 കോടി രൂപ ബഡ്ജെറ്റ് ആവശ്യമായിട്ടുണ്ട്.

**(ബി)** പ്രസ്തുത എഞ്ചിനീയറിംഗ് കോളേജ് സ്ഥാപിക്കുന്നതിനായി മഞ്ചേരി ജൂനിയർ ടെക്നിക്കൽ സ്കൂൾ (ജെ.ടി.എസ്.) കോമ്പൗണ്ടിൽ അനുയോജ്യമായ സ്ഥലം ലഭ്യമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സ്ഥലം ഉപയോഗപ്പെടുത്തി കോളേജ് സ്ഥാപിക്കുന്ന കാര്യത്തിൽ സർക്കാർ നയം വ്യക്തമാക്കുമോ?

**<u>മറുപടി:</u>** മഞ്ചേരി ടെക്നിക്കൽ ഹൈസ്കൂൾ URBAN AREA ആയതിനാൽ നിലവിലെ നിയമ പ്രകാരം എഞ്ചിനീയറിംഗ് കോളജ് സ്ഥാപിക്കുന്നതിനും ക്ലാസ്സുകൾ ആരംഭിക്കുന്നതിനും 5 ഏക്കർ സ്ഥലം ആവശ്യമുണ്ട്. മഞ്ചേരി ടെക്നിക്കൽ ഹൈസ്കൂൾ സ്ഥിതി ചെയ്യുന്ന കോമ്പൗണ്ടിൽ 5 ഏക്കർ സ്ഥലം ഉണ്ടെങ്കിലും ഒരു മികച്ച എഞ്ചിനീയറിംഗ് കോളേജ് സ്ഥാപിക്കുന്നതിന് കുറഞ്ഞത് 20 മുതൽ 25 ഏക്കർ വരെ സ്ഥലം ആവശ്യമുണ്ട്. വിദ്യാർത്ഥികൾക്കാവശ്യമായ ഹോസ്റ്റലുകളും കളിസ്ഥലവും ഉൾപ്പെടുന്ന തരത്തിൽ കോളേജ് സ്ഥാപിക്കുന്നതായിരിക്കും ഉചിതം.

**സെക്ഷൻ ഓഫീസർ**